I/24/04/2022

ഭരണഭാഷ – മാതൃഭാഷ

<u>നം.TRY/2101/2022-E1</u>

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 02-06-2022

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

ജില്ലാ ട്രഷറി ആഫീസർ
കോഴിക്കോട്

സർ,

വിഷയം: അറ്റൻഡർ, ബൈൻഡർ, സ്റ്റാമ്പ് എക്സാമിനർ എന്നീ തസ്തികയിൽ ഉള്ള ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത്– സംബന്ധിച്ച്.

സൂചന : 1. താങ്കളുടെ 22/ 04/ 2022 ലെ എ 4/01/2022 നമ്പർ കത്ത് .

2. സർക്കാർ ഉത്തരവ് നമ്പർ 39/2022/ധന തീയതി 30/03/ 2022.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോഴിക്കോട് ജില്ലാ ട്രഷറിയിലെ അറ്റൻഡർ, ബൈൻഡർ, സ്റ്റാമ്പ് എക്സാമിനർ എന്നീ തസ്തികയിൽ ഉള്ള ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം നൽകാമോ എന്നും ഇതര വകുപ്പുകളിൽ നിന്ന് സമാന തസ്തികയിലുള്ള ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ബില്ലുകൾ സമർപ്പിക്കുമ്പോൾ പാസ്സാക്കി നൽകാമോ എന്നതുമായി ബന്ധപ്പെട്ട വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സൂചന 2 ലെ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഉൾപ്പെടുന്ന ജീവനക്കാർക്കാണ് നിലവിൽ സർക്കാർ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം അനുവദിച്ച നൽകിയിരിക്കുന്നത്. അറ്റൻഡർ, ബൈൻഡർ, സ്റ്റാമ്പ് എക്സാമിനർ എന്നീ തസ്തികകൾ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുന്ന തസ്തികകൾ അല്ലാത്തതിനാൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ട്രഷറി വകുപ്പിലേയും ഇതര വകുപ്പുകളിലെയും ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം അനുവദിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ബില്ലുകൾ പാസ്സാക്കി നൽകേണ്ടതില്ല എന്ന് അറിയിക്കുന്നു.

എന്നാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സ്പെഷ്യൽ റൂളിൽ ടി തസ്തികകൾ ലാസ്റ്റ് ഗ്രേഡിൽപ്പെടുന്നതാണോ എന്നുകൂടി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്

/2022

എന്നുകൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

V SAJAN
DIRECTOR

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229